(ബി) ഇതിലൂടെ പ്രതിവർഷം എത്ര ടൺ മത്സ്യം ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷം സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി ടാങ്കുകൾ, കൃത്രിമ ജലാശയങ്ങൾ എന്നിവിടങ്ങളിൽ നിന്നായി 10635.6 ടൺ മത്സ്യം അധികമായി ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

(സി) ഇത് സംസ്ഥാനത്തെ പ്രതിവർഷ മത്സ്യഉപഭോഗത്തിന്റെ എത്ര ശതമാനമാണ്; കൂടുതൽ പേരെ ഇതിലേയ്ക്ക് ആകർഷിക്കാനുതകുന്ന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ഇത് സംസ്ഥാനത്തെ പ്രതിവർഷ മത്സ്യ ഉപഭോഗത്തിന്റെ 1.42 ശതമാനമാണ്. നൂതന മത്സ്യകൃഷി രീതികൾ അവലംബിച്ചും മത്സ്യയിനങ്ങളിലും കൃഷിരീതിയിലും വൈവിദ്ധ്യവത്കരണം സാദ്ധ്യമാക്കിയും കൂടുതൽ ശാസ്ത്രീയമായ പരിപാലന മുറകൾ അവലംബിച്ചും ഉൽപാദനക്ഷമത ഉയർത്തിയും കൂടുതൽ കർഷകർക്ക് പരിശീലനം നൽകിയും കൃഷിയിലേയ്ക്ക് മത്സ്യകർഷകരെ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബയോഫ്ളോക് അക്വാകൾച്ചർ സിസ്റ്റം (BAS), റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS) തുടങ്ങിയ നൂതന പദ്ധതികൾ സുഭിക്ഷകേരളം, ജനകീയ മത്സ്യകൃഷി, PMMSY പദ്ധതികളിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. കഴിഞ്ഞ വർഷം ബയോഫ്ളോക് യൂണിറ്റുകളിൽ ഗിഫ്റ്റ് മത്സ്യകൃഷിയാണ് മുഖ്യമായും നടപ്പിലാക്കിയത്. ബയോഫ്ളോക് യൂണിറ്റുകളിൽ ഈ സാമ്പത്തിക വർഷം മുതൽ വനാമി കൃഷിയും ഏർപ്പെടുത്തിവരുന്നു.

മത്സ്യ വിത്ത് ലഭ്യതയിൽ സ്വയംപര്യാപ്തത

267 (3973) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓരുജല, ശുദ്ധജല മത്സ്യകൃഷി മേഖലയിലെ പ്രധാന പ്രശ്നം ഗുണമേന്മയുള്ള വിത്ത് സമയബന്ധിതമായി ലഭിക്കാത്തതാകയാൽ വിത്തിനായി കേരളം അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ കർഷകർക്കാവശ്യമായ വിത്ത് കേരളത്തിൽത്തന്നെ ഉണ്ടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യവിത്തുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പീച്ചി, വയനാട് ജില്ലയിലെ തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ പുതിയ കാർപ്പ് ഹാച്ചറികൾ സ്ഥാപിച്ചു. പത്തനംതിട്ട ജില്ലയിലെ പോളച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, പാലക്കാട് ജില്ലയിലെ മീങ്കര, ചുള്ളിയാർ, കോഴിക്കോട് ജില്ലയിലെ കല്ലുനോട് എന്നീ കാർപ്പ് ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് ഉൽപ്പാദനശേഷി വർദ്ധിപ്പിച്ചു. മത്സ്യവിത്തുകളുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ പുതിയ മത്സ്യവിത്തുഫാമുകൾ, ഹാച്ചറികൾ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ വികസനം എന്നിവയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ 2016-17 സാമ്പത്തികവർഷം മുതൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിലുൾപ്പെടുത്തി 50.4 കോടി രൂപയുടെയും ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി 37.54 കോടി രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വം

268 (3974) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം നിയോജകമണ്ഡലത്തിലെ പള്ളം മത്സ്യത്തൊഴിലാളി ക്ഷേമനിധി ഓഫീസിൽ അർഹരായ മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വം നിഷേധിക്കുന്നുവെന്നും ചില ഏജന്റുമാർ മുഖേന അപേക്ഷകൾ നൽകുന്നവർക്ക് അംഗത്വം നൽകുന്നുവെന്നുമുള്ള ആക്ഷേപത്തെക്കുറിച്ച് അന്വേഷിച്ച് അർഹരായ മത്സ്യത്തൊഴിലാളികൾക്ക് അംഗത്വമുറപ്പുവരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പള്ളം ഫിഷറീസ് ഓഫീസിൽ ക്ഷേമനിധി അംഗത്വത്തിനായി പ്രതിവർഷം ലഭിക്കുന്ന ഏകദേശം ആയിരത്തോളം അപേക്ഷകൾ പ്രാദേശികമായി അന്വേഷണം നടത്തിയാണ് പള്ളം ഫിഷറീസ് ഓഫീസർ പട്ടിക പ്രസിദ്ധീകരിക്കുന്നത്. കരട് പട്ടിക പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ പട്ടികയിലുൾപ്പെട്ടിട്ടില്ലെന്ന് ആക്ഷേപമുള്ളവർക്ക് 15 ദിവസത്തിനകം ഫിഷറീസ് ഓഫീസർക്ക് അപ്പീൽ നൽകാവുന്നതാണ്. അന്തിമ പട്ടികയിലും പേരില്ലാത്തവർക്ക് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്. അപ്പലേറ്റ് അതോറിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും. ഏജന്റുമാർ മുഖേന അപേക്ഷകൾ വിതരണം ചെയ്യുകയോ സ്വീകരിക്കുകയോ ചെയ്യാറില്ല. കൂടാതെ അംഗത്വ അപേക്ഷകളിന്മേൽ കൃത്യമായി അന്വേഷണം നടത്തി അർഹരായ മത്സ്യത്തൊഴിലാളികൾക്ക് അംഗത്വമുറപ്പുവരുത്തുവാൻ വേണ്ട നിർദ്ദേശം പള്ളം ഫിഷറീസ് ഓഫീസർക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണർ നൽകിയിട്ടുണ്ട്.